പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2016 16.02.2016-ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ പ്രത്യേക സ്പോർട്സ് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ സ്കൂൾ മീററിലെ കേരളത്തിന്റെ മികച്ച പ്രകടനം മുൻനിർത്തി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്പോർട്സ് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായികതാരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അപ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നതപരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സ്കൂൾ, മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 22 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒപ്പം സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളുടെ ദിനബത്ത കൂട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്കൂൾ തലങ്ങളിലെ 14-നും 20-നും ഇടയിൽ പ്രായമുള്ള കായികതാരങ്ങൾക്ക് ആനുകൂല്യം ലഭിയ്ക്കുന്ന രീതിയിൽ ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്പോർട്സ് സ്കോളർഷിപ്പ് ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സ്കൂളുകളിലെ കളിസ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ അനുവദിക്കുമോ ? | (ബി) | സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ പല കായികഇനങ്ങൾ ഒരു ഗ്രൗണ്ടിൽ പരിശീലിക്കാവുന്ന തരത്തിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. |

Manj M

സെക്ഷൻ ഓഫീസർ